പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4430

27.06.2013 ൽ മറുപടിക്ക്

**മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽപ്പന**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ വി. ശിവൻകുട്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ കാർഡുടമകൾ റേഷൻ കടകളിൽ നിന്നും വാങ്ങാത്ത മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) കരിഞ്ചന്ത തടയുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, എന്നിവർ മാസംതോറും പരിശോധനകൾ നടത്തിവരുന്നുണ്ട്. മണ്ണെണ്ണയുടെ കരിഞ്ചന്തയിലുള്ള വില്പന തടയുന്നതിനായി താലൂക്ക്/ജില്ലാ തലത്തിൽ റെയ്ഡുകൾ നടത്തുന്നുണ്ട്. വകുപ്പിലെ ഉന്നത തല ഉദ്യോഗസ്ഥരായ വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർക്ക് കരിഞ്ചന്ത നടക്കുവാൻ സാധ്യതയുള്ള മേഖലകളിൽ അന്വേഷണം നടത്തുവാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ മണ്ണെണ്ണ സബ്സിഡി തുക പണമായി നേരിട്ട് ബാങ്കിലെത്തിക്കുന്ന DTCK (Direct Transfer of Cash Subsidy of Kerosene) 2012 സ്കീം നടപ്പിൽ വരുന്നതോടുകൂടി മണ്ണെണ്ണയുടെ കരിഞ്ചന്തയിലുള്ള വില്പന പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ